50 കോടി ഡോളറിന് ഇന്ത്യ- റഷ്യ കരാർ

ന്യൂഡൽഹി: ഇന്ത്യയും റഷ്യയും സംയുക്തമായി യുദ്ധക്കപ്പൽ നിർമിക്കാനുള്ള 50 കോടി ഡോളറിന്റെ കരാറിൽ ഒപ്പവച്ചു. റഡാറിനെ വെട്ടിച്ച് സഞ്ചരിക്കുന്ന രണ്ട് ഗ്രിഗോറോവിച്ച് യുദ്ധക്കപ്പലുകളാണ് ഇന്ത്യയും റഷ്യയും സംയുക്തമായി നിർമിക്കുക. റഷ്യൻ ആയുധകമ്പനിയായ റോസ്ബോറോൺ എക്സ്പോർട്ടും ഗോവ ഷിപ്യാർഡ് ലിമിറ്റഡും ചേർന്നാണ് കപ്പലുകൾ നിർമിക്കുക. 2027 ഓടെ കപ്പലുകൾ നാവിക സേനയ്ക്ക് കൈമാറും.

കാശ്മീരിൽ വീണ്ടും ഏറ്റുമുട്ടൽ; സൈനികന് വീരമൃത്യു

ശ്രീനഗർ : ജമ്മു കാശ്മീരിലെ ഷോപിയാനിൽ ഭീകരരുമായുണ്ടായ ഏറ്റുമുട്ടലിൽ ഒരു സൈനികന് വീരമൃത്യു. നാലു ഭീകരരെ സൈന്യം വധിച്ചു. ആക്രമണത്തിൽ രണ്ടു സൈനികർക്ക് പരിക്കേറ്റു. ഇന്നലെ രാവിലെ ഷോപിയാനിലെ നാദിമാർഗ് വില്ലേജിലാണ് സംഭവം. ഭീകരരുടെ സാന്നിദ്ധ്യത്തെപ്പറ്റി വിവരം ലഭിച്ചതിനെത്തുടർന്നു സൈന്യവും പൊലീസും ചേർന്ന് തെരച്ചിൽ നടത്തുന്നതിനിടെ ഒളിഞ്ഞിരുന്ന ഭീകരർ വെടിയുതിർക്കുകയായിരുന്നു. തുടർന്ന് സൈന്യവും തിരിച്ചടിച്ചു. മണിക്കൂറുകളോളം ഏറ്റുമുട്ടൽ നീണ്ടു നിന്നു. ഒളിഞ്ഞിരുന്ന നാല് ഭീകരരെ വധിച്ചെന്നും ഇവർ ഹിസ്ബുൾ മുജാഹിദ്ദീൻ തീവ്രവാദികളാണെന്നും ഷോപിയാൻ എസ്.പി സന്ദീപ് ചൗധരി അറിയിച്ചു. കൂടുതൽ ഭീകരർ തമ്പടിച്ചിരിക്കുന്നെന്ന് മുന്നറിയിപ്പിനെ തുടർന്ന് പ്രദേശത്ത് തെരച്ചിൽ ശക്തമാക്കിയിരിക്കുകയാണ്. സംഘർഷത്തെ തുടർന്ന് ഷോപിയാനിൽ ഇന്റർനെറ്റ് സംവിധാനം താത്കാലികമായി നിറുത്തിവച്ചു.

ഛത്തീസ്ഗഢിൽ 71.93 പോളിംഗ്

റായ്പൂർ: ഛത്തീസ്ഗഢ് നിയമസഭാ തിരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ടം അവസാനിച്ചു. 71.93 ശതമാനം പേർ വോട്ട് രേഖപ്പെടുത്തി. 72 മണ്ഡലങ്ങളിലേക്കായിരുന്നു രണ്ടാം ഘട്ടത്തിൽ വോട്ടെടുപ്പ് നടന്നത്. കനത്ത സുരക്ഷയിലായിരുന്നു വോട്ടെടുപ്പ്. ചിലയിടത്ത് വോട്ടിംഗ് യന്ത്രങ്ങൾ തകരാറിലായതൊഴിച്ചാൽ വോട്ടെടുപ്പ് സമാധാനപരമായിരുന്നു. നവംബർ 12ന് 18 മണ്ഡലങ്ങളിലേക്ക് നടന്ന ഒന്നാം ഘട്ടവോട്ടെടുപ്പിൽ 76.28 ശതമാനം പോളിംഗ് രേഖപ്പെടുത്തിയിരുന്നു. മാവോയിസ്റ്റ് ബാധിത പ്രദേശങ്ങളിലേക്കായിരുന്നു ഒന്നാം ഘട്ടത്തിൽ വോട്ടെടുപ്പ് നടന്നത്. ഡിസംബർ 11 നാണ് വോട്ടെണ്ണൽ. ബിലാസ്പൂർ ജില്ലയിലെ മാർവാഹി മണ്ഡലത്തിൽ ഏജന്റുമാരുടെ പരാതിയെ തുടർന്ന് 2 പ്രിസൈഡിംഗ് ഓഫീസർമാരെ തിരഞ്ഞെടുപ്പ് കമ്മീഷൻ മാറ്റി. തിരഞ്ഞെടുപ്പിൽ ക്രമക്കേട് നടത്തിയെന്നാണ് ഇവർക്കെതിരെയുള്ള പരാതി.

മത്സരിക്കാനില്ലെന്ന് സുഷമ സ്വരാജ്

ന്യൂഡൽഹി: ആരോഗ്യകാരണങ്ങളാൽ അടുത്ത കൊല്ലം നടക്കുന്ന പൊതുതിരഞ്ഞെടുപ്പിൽ മത്സരിക്കില്ലെന്ന് വിദേശകാര്യ മന്ത്രിയും മുതിർന്ന നേതാവുമായ സുഷമാ സ്വരാജ് പറഞ്ഞു. എന്നാൽ പാർട്ടിയാണ് അന്തിമ തീരുമാനമെടുക്കേണ്ടതെന്നും അവർ വ്യക്തമാക്കി. മദ്ധ്യപ്രദേശ് തിരഞ്ഞെടുപ്പ് പ്രചാരണത്തിനിടെയാണ് 66 കാരിയായ സുഷമ ഇക്കാര്യം വെളിപ്പെടുത്തിയത്. മദ്ധ്യപ്രദേശിലെ വിദിശ മണ്ഡലത്തിലെ സിറ്റിംഗ് എം.പിയാണ് സുഷമ. വൃക്കരോഗത്തെ തുടർന്ന് കുറച്ച് നാളായി പാർട്ടി പരിപാടികളിൽ പങ്കെടുക്കാറില്ലെന്ന് സുഷമ പറഞ്ഞു. എൽ.കെ. അദ്വാനി പോലും തിരഞ്ഞെടുപ്പ് യോഗത്തിലും പാർലമെന്റിലും സജീവമാണ്. മത്സരിക്കേണ്ടെന്നാണ് തന്റെ തീരുമാനം. ബാക്കി പാർട്ടി തീരുമാനിക്കട്ടെ. എന്നാൽ രാഷ്ട്രീയത്തിൽ തുടരുമെന്നും സുഷമ പറഞ്ഞു. 2016 ലെ വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് ശേഷം സുഷമ പൊതുവേദികളിൽ പ്രത്യക്ഷപ്പെടാറില്ല.

ദുബായ് പൊലീസ് കള്ളനെ പറന്നു പിടിക്കും

ചെലവ് 1 കോടി രൂപ

96 മണിക്കൂറിൽ 96 കിമീ വേഗത

ഭാരം 114 കിലോ

നീളം 2 മീറ്റർ

12.3 കിലോവാട്ട് അവർ ബാറ്ററി

2.30 മണിക്കൂർ ചാർജ് ചെയ്യണം

അബുദാബി: കേട്ടില്ലേ.. ദുബായ് പൊലീസ് ദാ ആകാശത്തോളം വളർന്നു. അധികം വൈകാതെ അവർ കള്ളനെ പറന്നു പിടിക്കും. കാഴ്ചയിൽ ഡ്രോണിന്റെയും ബൈക്കിന്റെയും രൂപത്തിലുള്ള പറക്കും ബൈക്കുകൾ ദുബായ് പൊലീസിന്റെ ഭാഗമാവുകയാണ്. അടിയന്തര സന്ദർഭങ്ങളിൽ അതിവേഗം ലക്ഷ്യത്തിലെത്താനും നിരീക്ഷണത്തിനുമെല്ലാം ഉപയോഗപ്പെടും. ദുബായ് പൊലീസിനു മാത്രമായി രൂപകല്പന ചെയ്ത മോഡലാണിത്. ചെറുതായതിനാൽ എവിടെയും പറന്നിറങ്ങാനാകും. കഴിഞ്ഞവർഷത്തെ ജൈറ്റക്സിൽ ബൈക്കിന്റെ മോഡൽ പ്രദർശിപ്പിച്ചിരുന്നു.

■ കാലിഫോർണിയയിലുള്ള സ്റ്റാർട്ടപ്പ് കമ്പനി ഹോവർസർഫാണ് ഡ്രോണിന്റെയും ബൈക്കിന്റെയും സമ്മിശ്രമായ സ്കോർപിയൻ-3 എന്നപറക്കും ബൈക്ക് നിർമ്മിക്കുന്നത്.

ഏതാനും മാസങ്ങൾക്കുള്ളിൽ ആദ്യ ബൈക്കുകൾ എത്തും.
-ദുബായ് പൊലീസ് എൻജി. വിഭാഗം ഡയറക്ടർ ഖാലിദ് അൽ റസൂഖി

■ റിമോട്ട് കൺട്രോൾ മുഖേനയും പ്രവർത്തിക്കും. ഡ്രോൺ മോഡിൽ 40 മിനിട്ടും പൈലറ്റ് നിയന്ത്രണത്തിൽ 10 മുതൽ 25 മിനിട്ടു വരെയും പറക്കാം



മൂന്നു ബ്ലേഡുള്ള നാലു പ്രൊപ്പല്ലറുകൾ

അനിൽകുമാർ ശർമ്മ പൊലീസ് കസ്റ്റഡിയിൽ

കേജ്‌രിവാളിനെതിരെ മുളക്പൊടിയാക്രമണം

ന്യൂഡൽഹി: ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കേജ്‌രിവാളിനെതിരെ സെക്രട്ടറിയേറ്റിനുള്ളിൽവച്ച് മുളക്പൊടിയാക്രമണം. ഇന്നലെ ഉച്ചയോടെ യോഗം കഴിഞ്ഞ് മൂന്നാംനിലയിലുള്ള മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്ന് ഭക്ഷണം കഴിക്കാനായി പുറത്തേക്ക് ഇറങ്ങുമ്പോഴാണ് സംഭവം. മുളക്പൊടിയെറിഞ്ഞ അനിൽകുമാർ ശർമ്മയെ പൊലീസ് കസ്റ്റഡിയിലെടുത്തു. സെക്രട്ടറിയേറ്റിലെ മുഖ്യമന്ത്രിയുടെ ഓഫീസിന് സമീപം ഒരുമണിയോടെയെത്തിയ ഇയാൾ കേജ്‌രിവാളിന്റെ മുഖത്തേക്ക് മുളക്പൊടിയെറിയുകയായിരുന്നു. കേജ്‌രിവാൾ ഒഴിഞ്ഞുമാറി. തുടർന്ന് ഒഷമുണ്ടായിരുന്ന ഉദ്യോഗസ്ഥർ അനിൽകുമാറിനെ കീഴ്പ്പെടുത്തുകയായിരുന്നു. കേജ്‌രിവാളിന്റെ കണ്ണട തകർന്നതായി ഉദ്യോഗസ്ഥർ പറഞ്ഞു.

സിക്ക് കൂട്ടക്കൊലയിൽ ആദ്യ വധശിക്ഷ

ന്യൂഡൽഹി: ഇന്ദിരാഗാന്ധി വധത്തെതുടർന്നുണ്ടായ 1984ലെ കുപ്രസിദ്ധ സിക്ക് കൂട്ടക്കൊലയിലെ ഒരു കേസിൽ പ്രതി യശ്പാൽ സിംഗിന് (55) പാട്യാല ഹൗസ് കോടതി വധശിക്ഷ വിധിച്ചു. സിക്ക് വിരുദ്ധ കലാപക്കേസുകളിലെ ആദ്യ വധശിക്ഷയാണിത്.

മറ്റൊരുപ്രതി നരേഷ് ഷെരാവത്തിന് (68) ജീവപര്യന്തവും ഇരുവർക്കും 35 ലക്ഷം രൂപവീതം പിഴയും അഡിഷണൽ സെഷൻസ് ജഡ്ജ് അജയ് പാണ്ഡെ ശിക്ഷിച്ചു. യശ്പാൽ സിംഗ് ടാൻസ്പോർട്ടറും നരേഷ് ഷെരാവത്ത് മഹിപാൽപൂർ പോസ്റ്റ് ഓഫീസ് ജീവനക്കാരനുമായിരുന്നു. 2015ൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് പുനരന്വേഷിച്ച അഞ്ചുകേസുകളിലെ ആദ്യ വിധിയാണിത്. കോൺഗ്രസ് നേതാവ് സജ്ജൻകുമാർ പ്രതിയായ മറ്റു മൂന്നുകേസുകളിൽ അന്വേഷണം നടക്കുകയാണ്.

ഇന്ദിരാഗാന്ധി കൊല്ലപ്പെട്ടതിന്റെ പിറ്റേന്ന് (1984 നവംബർ 1) മഹിപാൽ പുര സ്വദേശികളായ അവതാർ സിംഗിനെയും ഹർദേവ് സിംഗിനെ കൊലപ്പെടുത്തിയ കേസിൽ ഹർദേവ്സിംഗിന്റെ സഹോദരൻ സന്തോഖ്സിംഗ്നൽകിയ കേസിലാണ് വിധി. ശിക്ഷിക്കപ്പെട്ട പ്രതികളുൾപ്പെടെ 500 ഓളം കലാപകാരികൾ പ്രദേശത്ത് കടകൾക്ക് തീവയ്ക്കുകയും കൊള്ള നടത്തുകയും ചെയ്തു. കലാപത്തെ പേടിച്ച് തങ്ങളുടെ പലചരക്ക് കട അടച്ച് സുഹൃത്തിന്റെ വീട്ടിൽ അഭയം തേടിയ അവതാർ സിംഗിനെയും ഹർദേവ്സിംഗിനെയും ബന്ധുക്കളെയും പ്രതികൾ പിന്തുടർന്ന് ചെന്ന് മാരകമായി ആക്രമിക്കുകയായിരുന്നു. ഗുരുതരമായി പരിക്കേറ്റ രണ്ടുപേരെയും പ്രതികൾ കെട്ടിടത്തിന്റെ ഒന്നാം നിലയിൽ നിന്ന് താഴേക്ക് വലിച്ചെറിയുകയും ചെയ്തു. ഇരുവരും ആശുപത്രിയിൽ വച്ച് മരണമടയുകയായിരുന്നു. സിക്ക് വിരുദ്ധ കലാപത്തിൽ ഡൽഹിയിൽ മാത്രം രണ്ടായിരത്തിലധികം പേർ കൊല്ലപ്പെട്ടെന്നാണ്കണക്ക്.

1984 ലെ കേസ്

1984ൽ രജിസ്റ്റർ ചെയ്ത കേസിൽ കുറ്റപത്രം സമർപ്പിച്ചെങ്കിലും 1986ൽ പ്രതികളെ കുറ്റവിമുക്തരാക്കി. പിന്നീട് സന്തോഖ് സിംഗ് ജസ്റ്റിസ് രംഗനാഥമിശ്ര കമ്മീഷന് നൽകിയ സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ 1993ൽ മറ്റൊരു കേസെടുത്തു. 94ൽ തെളിവില്ലെന്ന് കാട്ടി ആ കേസും അവസാനിപ്പിച്ചു. 2015ൽ സുപ്രീംകോടതി നിയോഗിച്ച പ്രത്യേക സംഘം കേസ് പുനരന്വേഷിച്ച് 2017 ൽ കുറ്റപത്രം നൽകി. 2018 നംവബർ 15ന് ഇരുവരും കുറ്റക്കാരാണെന്ന് കോടതി കണ്ടെത്തി. കോടതിക്ക് പുറത്ത് വച്ച് പ്രതികൾക്ക് നേരെ ആക്രമണമുണ്ടായതിനെ തുടർന്ന് വിധി പറയുന്നത് തിഹാർ ജയിലിലേക്ക് മാറ്റുകയായിരുന്നു.

പൊലീസ് പുറത്തുവിട്ട ഭീകരരുടെ ചിത്രം

രണ്ട് ഭീകരർ അതിർത്തികടന്നു: ഡൽഹിയിൽ അതീവ ജാഗ്രത

ന്യൂഡൽഹി: രണ്ട് ഭീകരർ കടന്നതായുള്ള സൂചനയെ തുടർന്ന് ഡൽഹിയിലും പരിസര പ്രദേശങ്ങളിലും അതീവ ജാഗ്രതാ നിർദ്ദേശം പുറപ്പെടുവിച്ചു. കഴിഞ്ഞ ദിവസം പഞ്ചാബിൽ ഭീകരർ കടന്നുവെന്നു മുന്നറിയിപ്പ് വന്നതിന് പിന്നാലെ അമൃത്സറിൽ ആക്രമണമുണ്ടായ സാഹചര്യത്തിലാണിത്. ഡൽഹിയിൽ കടന്നുവെന്ന് കരുതുന്ന തലപ്പാവുതാടിയുമുള്ള രണ്ടുപേർ ഡൽഹിക്ക് 360 കിലോമീറ്റർ അകലെ റോഡരികിൽ സ്ഥാപിച്ച മൈൽക്കുറ്റി പശ്ചാത്തലമാക്കി എടുത്ത ഫോട്ടോയും പൊലീസ് പുറത്തുവിട്ടു. ഫോട്ടോ എടുത്തത് പഞ്ചാബിലെ ഇന്ത്യാ-പാകിസ്ഥാൻ അതിർത്തിക്കുസമീപത്താണെന്നും പൊലീസ് പറയുന്നു.

കഴിഞ്ഞ ദിവസം പഞ്ചാബിൽ കടന്ന ഏഴ് ജയ്ഷെ മുഹമ്മദ് ഭീകരർ ഡൽഹി ലക്ഷ്യമാക്കി നീങ്ങാൻ സാദ്ധ്യതയുണ്ടെന്ന് പഞ്ചാബ് പൊലീസ് കഴിഞ്ഞ ദിവസം മുന്നറിയിപ്പ് നൽകിയിരുന്നു. കാശ്മീരിലെ പുൽവാമയിൽ സുരക്ഷാസേനജെയ്ഷെകമാൻഡർ ഉസ്മാൻ ഹൈഫെസയെ വധിച്ചതിന് പ്രതികാരം ചോദിക്കാൻ ഭീകരർ എത്തിയെന്നാണ് ഇന്റലിജൻസ് വിവരം.

സി.ബി.ഐ വിവാദം

ഡയറക്ടറുടെ റിപ്പോർട്ട് ചോർന്നതിൽ അതൃപ്തിയുമായി സുപ്രീംകോടതി

ന്യൂഡൽഹി: കേന്ദ്ര വിജിലൻസ് കമ്മിഷൻ അന്വേഷണറിപ്പോർട്ടിന് സി.ബി.ഐ ഡയറക്ടർ അലോക് വർമ്മ നൽകിയ മറുപടി 'ദ വയർ' ഓൺലൈൻ മാദ്ധ്യമം പ്രസിദ്ധീകരിച്ചെന്ന് ചൂണ്ടിക്കാട്ടി സുപ്രീംകോടതി കടുത്ത അതൃപ്തി അറിയിച്ചു. ഓൺലൈൻ മാദ്ധ്യമത്തിൽ വന്ന റിപ്പോർട്ടിന്റെ പകർപ്പ് വർമ്മയുടെ അഭിഭാഷകൻ ഫാലി എസ്. നരിമാന് കൈമാറിയാണ് ചീഫ് ജസ്റ്റിസ് രഞ്ജൻ ഗോഗോയ് അതൃപ്തി പ്രകടമാക്കിയത്. മറുപടി റിപ്പോർട്ട് ഫയൽ ചെയ്യാൻ സമയം നീട്ടിച്ചോദിച്ചതിനെയും വിമർശിച്ചു. കേസിൽ വാദത്തിനുള്ള അർഹത പോലും അഭിഭാഷകർക്കില്ലെന്ന് ചീഫ് ജസ്റ്റിസ് പറഞ്ഞു. തുടർന്ന് അലോക് വർമ്മയുടെ ഹർജി പരിഗണിക്കുന്നത് നവംബർ 29ലേക്ക് കോടതി മാറ്റി.

അതേസമയം ഓൺലൈൻ മാദ്ധ്യമത്തിൽ വന്നത് വർമ്മ സുപ്രീംകോടതിയിൽ മുദ്രവച്ച കവറിൽ നൽകിയ മറുപടിയല്ലെന്ന് ഫാലി എസ്. നരിമാൻ കോടതിയെ അറിയിച്ചു. സുപ്രീംകോടതിയിൽ മുദ്രവച്ചകവറിൽ നൽകിയ മറുപടിയല്ല പ്രസിദ്ധീകരിച്ചതെന്ന വിശദീകരണവുമായി 'ദ വയർ' പിന്നീട് രംഗത്തെത്തി. അലോക് വർമ്മ സി.വി. സിക്ക് നൽകിയ മറുപടിയാണ് പ്രസിദ്ധീകരിച്ചത്. ഇത് മുദ്രവച്ച കവറിൽ നൽകിയതല്ലെന്നും വയർ അറിയിച്ചു.

രാകേഷ് അസ്താനയ്ക്കെതിരെയുള്ള അന്വേഷണത്തിൽ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ഇടപെട്ടെന്നും കേന്ദ്ര കൽക്കരി സഹമന്ത്രി എച്ച്.പി. ചൗധരി കോടികൾ കോഴവാങ്ങിയെന്നുമുള്ള സി.ബി.ഐ ഡി.ഐ.ജി എം.കെ സിൻഹയുടെ ഹർജിയിലെ വെളിപ്പെടുത്തൽ മാദ്ധ്യമങ്ങളിൽ വന്നതിലും അതൃപ്തി അറിയിച്ചു.

'ആ വിഡ്ഢികൾ' പറഞ്ഞില്ല ലാദൻ അവിടെയുണ്ടെന്ന്: ട്രംപ്

ഇസ്ലാമാബാദ്: പാകിസ്ഥാൻ സഹായം മാത്രം തേടുന്ന രാജ്യമാണെന്നും ആ വിഡ്ഢികൾക്ക് ബിൻലാദന്റെ ഒളിയിടത്തെക്കുറിച്ച് അറിയാമായിരുന്നിട്ടും ഒന്നുംഅമേരിക്കയോട് പറഞ്ഞില്ലെന്നും അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ ട്വീറ്റ്. പാകിസ്ഥാനുള്ള എല്ലാ സഹായവും എന്നെന്നേക്കുമായി അവസാനിപ്പിക്കുകയാണെന്ന സൂചനയും ട്രംപ് ട്വീറ്റിൽ നൽകിയിട്ടുണ്ട്. ട്രംപിന്റെ പരാമർശത്തെത്തുടർന്ന് അമേരിക്കൻ നയതന്ത്രഉദ്യോഗസ്ഥനെ പാകിസ്ഥാൻ വിളിച്ചുവരുത്തി.

വിളിച്ചുപറയുന്നത് അംഗീകരിക്കാനാകില്ല. ഭീകരതയ്ക്കെതിരെ പാകിസ്ഥാനെ പോലെ സഹായിച്ച രാജ്യങ്ങൾ ചുരുക്കമാണ്

- പാക് പ്രധാനമന്ത്രി ഇമ്രാൻ ഖാൻ

മഹാരാഷ്ട്രയിൽ ആയുധ ഡിപ്പോയിൽ സ്ഫോടനം; 6 മരണം, 10 പേർക്ക് പരിക്ക്

പുൽഗാവ്: മഹാരാഷ്ട്രയിൽ സൈനിക കേന്ദ്രത്തിലെ ആയുധ ഡിപ്പോയിൽ സ്ഫോടകവസ്തുക്കൾപൊട്ടിത്തെറിച്ച് ആറ് പേർ മരിച്ചു. പത്ത് പേർക്ക് പരിക്കേറ്റു. വാർധ ജില്ലയിലെ ആബാജയിലുള്ള ആയുധ ഡിപ്പോയിൽ ഇന്നലെ പുലർച്ചെ 7.15 ഓടെയാണ് സ്ഫോടനമുണ്ടായത്. കേന്ദ്രത്തിലേക്ക് സ്ഫോടക വസ്തുക്കൾ ഇറക്കുന്നതിനിടെ ഒരു പെട്ടി പൊട്ടിത്തെറിക്കുകയായിരുന്നു. 20 തൊഴിലാളികൾ ഇവിടെയുണ്ടായിരുന്നതായാണ് വിവരം. തുറസായ സ്ഥലത്ത് വച്ച് സ്ഫോടനമുണ്ടായതിനാൽ കൂടുതൽ ആളപായമുണ്ടായില്ലെന്ന് സൈനിക വക്താവ് അറിയിച്ചു. നാലു പേർ സംഭവസ്ഥലത്തു വച്ചും രണ്ടുപേർ ആശുപത്രിയിലുമാണ് മരിച്ചത്. പരിക്കേറ്റവരിൽ നാലു പേരുടെ നില ഗുരുതരമാണ്. ഡിപ്പോയ്ക്കു സമീപത്തെ നിർമാണ പ്രവർത്തനങ്ങളുടെ ഭാഗമായാണ് സ്ഫോടകവസ്തുക്കൾ എത്തിച്ചതെന്നാണ് വിവരം. ഇതിന് ഒരു കമ്പനിക്കു കരാർ നൽകിയിരുന്നു. കരാറുകാരിലൊരാളും മരിച്ചു. ഏതുസാഹചര്യത്തിലാണ് സ്ഫോടനമുണ്ടായതെന്നു പരിശോധിക്കണമെന്നു പ്രതിരോധമന്ത്രാലയം വ്യക്തമാക്കി. രണ്ടുവർഷം മുൻപ് പുൽഗാവിലെ ആയുധ ഡിപ്പോയിലുണ്ടായ സ്ഫോടനത്തിൽ 16 പേർ മരിച്ചിരുന്നു.

വിവിധം

അഫ്ഗാനിൽ ചാവേർ സ്ഫോടനം: 43 മരണം

കാബൂൾ: അഫ്ഗാനിസ്ഥാനിൽ ചാവേർ സ്ഫോടനത്തിൽ 43 പേർ മരിച്ചു. 82 ഓളം പേർക്ക് പരിക്കേറ്റു. ഇതിൽ 24 പേരുടെ നില ഗുരുതരമാണ്. കാബൂൾ അന്താരാഷ്ട്ര വിമാനത്താവളത്തിന് സമീപമുള്ള യുറാനസ് ഹാളിലാണ് ചാവേർ പൊട്ടിത്തെറിച്ചത്. പ്രവാചകന്റെ ജന്മദിന ആഘോഷങ്ങളുടെ ഭാഗമായിമതപണ്ഡിതർ ഉൾപ്പെടെ നിരവധി പേർ ഹാളിലുണ്ടായിരുന്നു. പ്രാദേശിക സമയം വൈകിട്ട് 6.15 നാണ് സ്ഫോടനം.

കത്തോലിക്ക കലണ്ടറിലെ ഫ്രാങ്കോ മുളയ്ക്കലിന്റെ ചിത്രം

കത്തോലിക്കാ സഭാ കലണ്ടറിൽ ഫ്രാങ്കോയും

തൃശ്ശൂർ : തൃശ്ശൂർ അതിരൂപതാ മുഖപത്രമായ കത്തോലിക്കാ സഭയുടെ 2019ലെ കലണ്ടറിൽ ജലന്ധർ മുൻബിഷപ്ഫ്രാങ്കോ മുളയ്ക്കലിന്റെ ചിത്രവും. കന്യാസ്ത്രീയെ പീഡിപ്പിച്ച കേസിൽ ബിഷപ്ഫ്രാങ്കോ ജയിൽലായിരുന്നു. തുടർന്ന് ഉപാധികളോടെയാണ് ജാമ്യം നൽകിയത്. ഫ്രാങ്കോയുടെ ജന്മദിന ദിവസം സൂചിപ്പിച്ചുള്ളതാണ് ഫോട്ടോ. മാർച്ച് 25 നാണ് ജന്മദിനം.

അന്താരാഷ്ട്ര ചലച്ചിത്രമേളയ്ക്ക് തുടക്കം

പനാജി: വർണാഭമായ ചടങ്ങുകളോടെ 49-ാമത് രാജ്യാന്തര ചലച്ചിത്രമേളയ്ക്ക് തിരിതെളിഞ്ഞു. കേന്ദ്രമന്ത്രി രാജ്യവർദ്ധൻ റാത്തോഡ് മേള ഉദ്ഘാടനം ചെയ്തു. ഗവർണർ മൃദുലസിൻഹ, അക്ഷയ്കുമാർ, കരൺജോഹർ, രമേഷ്സിപ്പി, സുഭാഷ് ഘയ് തുടങ്ങിയവർ ശ്യാമപ്രസാദ് മുഖർജി ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.

ഇന്ത്യൻ സിനിമയുടെ പാരമ്പര്യവും സംസ്കാരവും വിളിച്ചോതുന്ന 90 മിനിട്ട് നീണ്ടു നിന്ന ഉദ്ഘാടന ചടങ്ങിൽ ബോളിവുഡ് നടൻ സോന സൂധിന്റെയും ശില്പ റാവുവിന്റെയും നൃത്ത സംഗീത പരിപാടികൾ നടന്നു.

താരങ്ങളുടെ റെഡ്കാർപെറ്റ് വാക്ക് ചടങ്ങും ഏറെ ആകർഷണീയമായി. കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയത്തിന്റെ മുൻകൈയോടെ നിർമിച്ച ഫിലിം ഫെസിലിറ്റേഷൻ ഓഫീസിന്റെ ഉദ്ഘാടനവും നടന്നു. കനത്ത സുരക്ഷയിലായിരുന്നു ഉദ്ഘാടനച്ചടങ്ങുകൾ. എട്ട് ദിവസം നീളുന്ന മേളയിൽ 68 രാജ്യങ്ങളിൽ നിന്നായി 212 ചിത്രങ്ങളാണ് സിനിമാ പ്രേമികൾക്ക് മുൻപിൽ എത്തുന്നത്.

ഇസ്രയേലി സംവിധായകൻ ഡാൻ വോൾമാന് സമഗ്ര സംഭാവനയ്ക്കുള്ള പുരസ്കാരം നൽകുന്നു

ആർ.എസ്.പി സംസ്ഥാന സമ്മേളനം നാളെ തുടങ്ങും

തിരുവനന്തപുരം: ആർ.എസ്.പി സംസ്ഥാന സമ്മേളനം നാളെ ആരംഭിക്കും. വെള്ളനാട് പഞ്ചായത്ത് അസോസിയേഷൻ ഹാളിൽ വൈകിട്ട് 3.15 ന് ദേശീയ ജനറൽ സെക്രട്ടറി ടി.ജെ. ചന്ദ്രചൂഡൻ ഉദ്ഘാടനം ചെയ്യും. ഷിബു ബേബി ജോൺ അദ്ധ്യക്ഷത വഹിക്കും.

വെള്ളിയാഴ്ച വൈകിട്ട് 3 ന് 'മതനിരപേക്ഷത നേരിടുന്ന വെല്ലുവിളികൾ' എന്ന വിഷയത്തിൽ നടക്കുന്ന സെമിനാർ കോൺഗ്രസ് നേതാവ് എ.കെ. ആന്റണി ഉദ്ഘാടനം ചെയ്യും. എൻ.കെ. പ്രേമചന്ദ്രൻ എം.പി അദ്ധ്യക്ഷ വഹിക്കും. കെ.എം. ഷാജി എം.എൽ.എ ആശംസാപ്രസംഗം നടത്തും.

ശനിയാഴ്ച രാവിലെ സംസ്ഥാന സമിതി തിരഞ്ഞെടുപ്പോടെ സമ്മേളനം സമാപിക്കും.

എരുമേലിയിൽ യുവതിയെ തടഞ്ഞു

എരുമേലി: വിജയവാഡയിൽ നിന്ന് ഭർത്താവിനൊപ്പം എരുമേലിയിലെത്തിയ യുവതിയെ ഇന്നലെ ഭക്തർ തടഞ്ഞു. വിവിധ ക്ഷേത്രങ്ങൾ സന്ദർശിക്കാനെത്തിയതാണെന്നും ശബരിമലയ്ക്ക് പോകുന്നില്ലെന്നും അറിയിച്ചതോടെ പ്രതിഷേധക്കാർ പിന്മാറി.

മുംബയ് സംഘം പേടിച്ച് മല ചവിട്ടാതെ മടങ്ങി

എരുമേലി: മുംബയിൽ നിന്നെത്തിയ 110 അയ്യപ്പഭക്തർ സംഘർഷാന്തരീക്ഷവും പൊലീസ് നിയന്ത്രണങ്ങളും കാരണം ശബരിമല ദർശനം ഉപേക്ഷിച്ച് എരുമേലി ശ്രീധർമ്മശാസ്താക്ഷേത്രത്തിൽ എത്തി മടങ്ങി. നെയ് തേങ്ങ ആര്യങ്കാവ് ക്ഷേത്രത്തിൽ അഭിഷേകം ചെയ്തശേഷം തിരിച്ചുപോകും.

സന്നിധാനത്ത് 6 മണിക്കൂറിൽ കൂടുതൽ തങ്ങാൻ അനുവദിക്കില്ലെന്ന ഉപാധിയാണ് അവരെ വലച്ചത്. 110 പേരുടെ നെയ് തേങ്ങ അഭിഷേകം നടത്തണം. കൂടെയുള്ളവരിൽ 85 വരെ പ്രായമുള്ളവരും കൊച്ചുമാളികപ്പുറങ്ങളുമുണ്ട്. ആറുമണിക്കൂർ മതിയാവില്ല. പൊലീസ് നടപടിക്ക് ഇരയാകുമോ എന്ന ഭയന്നാണ് പിൻമാറുന്നതെന്ന് ഗുരുസ്വാമി പറഞ്ഞു.

ഇന്നലെ ഉച്ചകഴിഞ്ഞ് 2 ന് എരുമേലിയിലെത്തിയ സംഘം ശ്രീധർമ്മശാസ്താക്ഷേത്ര ദർശനത്തിന് ശേഷം ആര്യങ്കാവ് ക്ഷേത്രത്തിലേക്ക് തിരിച്ചു. 18-ാം വർഷം ദർശനത്തിനെത്തിയ സംഘത്തിലെ ചിലർ ശബരിമലയിൽ നടാൻ തൈ തെങ്ങുമായാണ് എത്തിയത്. അതു ചെയ്യാൻ കഴിയാത്ത സങ്കടത്തോടെയാണ് മടക്കം.

ദർശനത്തിനെത്തിയ തീർത്ഥാടക സംഘം എരുമേലി ശ്രീധർമ്മശാസ്താ ക്ഷേത്രത്തിൽ ദർശനം നടത്തുന്നു

ശബരിമലയിൽ ചേർത്തല സ്വദേശിയെ കാണാനില്ല

പൂച്ചാക്കൽ: ശബരിമല ദർശനത്തിനു പുറപ്പെട്ട ചേർത്തല അരൂക്കുറ്റിമാത്താനം ക്ഷേത്രത്തിന് സമീപം കിഴക്കേ നികർത്തിൽ സുകുമാരന്റെ മകൻ പ്രദീപിനെ (48) കാണാതായി.

ഇദ്ദേഹത്തിന്റെ കാർ നിലയ്ക്കലിലെ പാർക്കിംഗ് ഗ്രൗണ്ടിൽ കണ്ടെത്തി. കൈവശമുണ്ടായ